പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VI
(SUBJECT COMMITTEE VI)

വിദ്യാഭ്യാസം
(EDUCATION)

ആനുകാലിക റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th october, 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VI
(SUBJECT COMMITTEE VI)

വിദ്യാഭ്യാസം
(EDUCATION)

ആനുകാലിക റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	30

സബ്ജക്ട് കമ്മിറ്റി VI

(വിദ്യാഭ്യാസം)

(2026-2028)

ഘടന

ചെയർപേഴ്സൺ:

ശ്രീ. എൻ. ഷംസുദ്ദീൻ,
പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. റോജി എം. ജോൺ,
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി
ശ്രീ. പി. സി. വിഷ്ണുനാഥ്,
വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി
ശ്രീ. ഒ. ജെ ജനീഷ്,
കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം,
പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി

അംഗങ്ങൾ:

ശ്രീ. എം.എസ്. അരുൺ കുമാർ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പി. കെ. നവാസ്

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. റോണി കെ. ബേബി

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രോഷ്നി ആർ., അണ്ടർ സെക്രട്ടറി

അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ 2023-26 കാലയളവിലെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ന്റെ കാലാവധി മേയിൽ അവസാനിച്ചതിനെ തുടർന്ന് പതിനാറാം കേരള നിയമസഭയുടെ 25ാം നമ്പർ ബുള്ളറ്റിൻ, ഭാഗം 2 പ്രകാരം 2026 ജൂൺ 23 ന് 2026-28 കാലയളവിലെ കമ്മിറ്റി രൂപീകൃതമായി.

സമിതി 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ 03-06-2025, 27-08-2025, 16-09-2025, 30-09-2025, 06-10-2025, 06-02-2026, 10-02-2026, 17-02-2026 എന്നീ തീയതികളിലായി സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 2 യോഗങ്ങൾ ബില്ലിന്റെ പരിഗണനയ്ക്കായും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്. ആർ.ഒ കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയിട്ടുള്ളതുമായിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 53 ശതമാനമായിരുന്നു.

ഏഴ് അധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം II - സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ കൾ എന്നിവയുടെ വിശദാംശങ്ങൾ.

അധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം V - നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക

പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അധ്യായം VI - a) 2025-26 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

അധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2026 ഒക്ടോബർ 26ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം
2026 ഒക്ടോബർ 28

എൻ. ഷംസുദ്ദീൻ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി VI.

റിപ്പോർട്ട്

അധ്യായം –I

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർക്കുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1) 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 16-09-2025-ലെ സമിതിയോഗം അംഗീകരിക്കുകയും 18-09-2025 -ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 16-09-2025-ലെ സമിതിയോഗം അംഗീകരിക്കുകയും 18-09-2025 -ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 30-09-2025-ലെ സമിതി യോഗം അംഗീകരിക്കുകയും 06-10-2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4) The University Laws (Amendment) (No. 3) Bill, 2025 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 06-10-2025-ലെ സമിതി യോഗം അംഗീകരിക്കുകയും 07-10-2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 06-10-2025 -ലെ സമിതി യോഗം അംഗീകരിക്കുകയും 07-10-2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6) 2026-2027 ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 17-02-2026-ലെ സമിതി യോഗം അംഗീകരിക്കുകയും 23-02-2026 -ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അധ്യായം –II

സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 30-09-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2) The University Laws (Amendment) (No. 3) Bill, 2025 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 06-10-2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 06-10-2025 -ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

അധ്യായം –III

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ്.ആർ.ഒ.കൾ എന്നിവയുടെ വിശദാംശങ്ങൾ

കരട് ചട്ടങ്ങൾ

1) The Kerala Right of Children to Free and Compulsory Education (Amendment) Rules, 2025 സംബന്ധിച്ച കരട് ചട്ടം 03-06-2025 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു

2) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന് അനുബന്ധമായി രൂപപ്പെടുത്തേണ്ട സ്റ്റാറ്റ്യൂട്ടിന്റെ കരട് 27-08-2025 ലെ യോഗത്തിൽ സമിതി

പരിഗണിച്ചു.

3) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച കരട് വിജ്ഞാപനം 27-08-2025 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു

എസ്.ആർ.ഒ-കൾ

1) The Kerala Higher Secondary Education State Service Rules, 2001, (SRO. 1120/2024)

2) The Kerala Higher Secondary Education Subordinate Service Rules, 2001, (SRO.1121/2024)

(ഫ. നം. 20246/സബ്.സി.ഇ 1/2024/നി.സെ.)

03-06-2025-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

അധ്യായം -IV

നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 എ പ്രകാരം 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ യോഗം ചേർന്നില്ല.

അധ്യായം -V

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

(ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം.)

ക്രമ നമ്പർ	സാമ്പത്തിക വർഷം	ധനാഭ്യർത്ഥന നമ്പർ	വകുപ്പ്	സഭയിൽ സമർപ്പിച്ച തീയതി
1.	2024-25	XVII	പൊതുഭരണ വകുപ്പ്	06-10-2025
2.	2024-25	XVII	ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്)	06-10-2025
3.	2024-25 (കാലതാമസ പത്രിക സഹിതം)	XVII	ഉന്നത വിദ്യാഭ്യാസം	03-02-2026

അധ്യായം -VI

a) 2025-26 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

റിപ്പോർട്ട്	ആകെ ശിപാർശകൾ	മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും	സമിതിയിൽ സമർപ്പിച്ച ഖണ്ഡികകൾ	മറുപടി ലഭിക്കാനുള്ള ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പും
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്	163		ഇല്ല	പൊതുവിദ്യാഭ്യാസ വകുപ്പ് **(1-55,162,163)**

(2025-2026)		ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ് **(56-65, 70,72, 80, 81, 103)**		ഉന്നത വിദ്യാഭ്യാസ വകുപ്പ് **(66-69,71,73-79,82-96,98, 102)**
		ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്(**97**)		
		ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്(**99**)		
		ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് **(100, 101)**		
		സാംസ്കാരിക കാര്യ (ബി)വകുപ്പ് **(134-136,138-140,141 142-144,147**)		സാംസ്കാരികകാര്യ വകുപ്പ് **(104-133,137,145,146,148-151)**
				കായിക യുവജനകാര്യ വകുപ്പ് **(152-161)**

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)
(ഫയൽ നം. KLS/3426/2025)

ശിപാർശ (ഖണ്ഡിക നമ്പർ.31)

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്ററിന്റെ (SAAC) പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്കായി 3 കോടി രൂപ, ഫക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ കീഴിൽ കോളേജ്/ സർവ്വകലാശാല അദ്ധ്യാപകർക്കുള്ള പരിശീലനത്തിന്റെ ആദ്യഘട്ട പരിശീലനം വിജയകരമായി പൂർത്തിയാക്കാൻ 2 കോടി രൂപ, ക്യാപിറ്റൽ അസറ്റ് ക്രിയേഷന് നീക്കിവച്ചിട്ടുള്ള 2.78 കോടി രൂപ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ 5 കോടി രൂപ എന്നിവയ്ക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 2019-20, സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായ 17 കോടി രൂപയക്കു പുറമെ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 2019-20 ലെ ബഡ്ജറ്റ് വിഹിതമായ 17 കോടി രൂപയ്ക്ക് പുറമേ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 32)

2202-03-107-90 – ജില്ലാതലത്തിൽ ആദ്യത്തെ അഞ്ച് റാങ്ക് കിട്ടുന്ന പ്രീഡിഗ്രി, ഡിഗ്രി പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പുകൾ നൽകുന്നതിന്

പ്ലസ്ടുവിന് എല്ലാ വിഷയങ്ങൾക്കും എ+ ലഭിച്ചവരും സെൻട്രൽ സെക്കൂർ

സ്കോളർഷിപ്പ് ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക ഡിഗ്രി/പി.ജി പഠനത്തിന് പ്രതിവർഷം 50 രൂപ വീതം നൽകുന്നതിനായി 25 ലക്ഷം രൂപ ധനപുന;വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷത്തിൽ വകയിരുത്തിയ 1.80 കോടി രൂപ പൂർണമായും ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 34)

2202-05-800-97- ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഹിന്ദി പഠിക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നതിന്.

ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പിന് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം കൂടുതലായതിനാലും മുൻവർഷത്തെ വിഹിതം അപര്യാപ്തമായിരുന്നതിനാലും 5 ലക്ഷം രൂപ ധനപുനവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ഹിന്ദി പഠിക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നതിനായി 2019-20 കാലയളവിൽ ലഭ്യമായ എല്ലാ അപേക്ഷകളും പരിഗണിച്ചപ്പോൾ 20.82 ലക്ഷം രൂപ മാത്രമേ "2202-05-102-85" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടി വന്നുള്ളൂ. ആയതിനാൽ സമിതി "2202-05-800-97" എന്ന ശീർഷകത്തിൽ ശിപാർശ ചെയ്ത അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 48)

2205-00-102-81—സംഗീത കോളേജുകളുടെ യുവജനോത്സവം

സംഗീത കോളേജുകളിലെ യുവജനോൽസവത്തിനായി അനുവദിച്ച

വിഹിതം നാല് കോളേജുകൾക്കായി വീതിച്ച് നൽകേണ്ടതിനാൽ 50,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി കാലയളവിൽ സംഗീത കോളേജുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാകാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

(31, 32, 34, 48 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. സി1/248/2022/ഉ.വി.വ., തീയതി 06-03-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 06-10-2025-ൽ സഭയിൽ സമർപ്പിച്ചു)

2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-2022)

(ഫയൽ നം. KLS/4209/2025-Sub.C.E1)

ശിപാർശ (ഖണ്ഡിക നം. 53)

2203-00-001-93—വകുപ്പിന്റെ ശക്തിപ്പെടുത്തൽ

എസ്.ബി.ടി.ഇ. പ്രവർത്തനങ്ങൾക്കും പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലേക്കും അധിക തുക ആവശ്യമാണ്. ആകയാൽ പദ്ധതി-യിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണ-മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 വർഷത്തിലെ ആകെ ചെലവ് 83,21,943/- രൂപയിൽ പരിമിതപ്പെടുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യ-മായി വന്നില്ല.

ശിപാർശ (ഖണ്ഡിക നം. 59)

2203-00-112-81-34-1—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ -മറ്റു ചെലവുകൾ വെള്ളക്കരം

ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ വെള്ളക്കരം അടയ്ക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 42 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപ ധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ 5,50,000/- രൂപ കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന (G.O. (Rt) No. 1086/22/Fin. Dated 16.02.2022) 9,07,000/- രൂപ അനുവദിച്ചിരുന്നു. 2021-22 വർഷത്തിലെ ആകെ ചെലവ് 11,75,266/- രൂപ.

ശിപാർശ (ഖണ്ഡിക നം. 60)

2203-00-112-81-34-2—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റു ചെലവുകൾ-വൈദ്യുതി ചെലവ്

ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് 15 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 വർഷത്തിലെ ആകെ ചെലവ് 70,71,542/- രൂപയിൽ പരിമിതപ്പെടുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

(53, 59, 60 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. HEDN-G2/331/HEDN., തീയതി 29-10-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം

അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നം. 70)

4202-02-105-81—എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം

മുൻവർഷങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം മുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 8 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിലെ ചെലവ് 2,33,40,107/- രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവുകൾ മുഖേന പ്രസ്തുത തുക അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 70 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. HEDN-G2/331/2021-HEDN., തീയതി 03-06-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-08-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

3) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-2023)

(ഫയൽ നം. KLS/4197/2025-Sub.C.E1)

ശിപാർശ (ഖണ്ഡിക നം. 45)

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

മൂന്നാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ശമ്പള ചെലവുകൾക്കായി

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര-യിനത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

19.05.2022 -ലെ സർക്കാർ ഉത്തരവ് (സാധാ) നം. 724/2022/ഉ.വി.വ. പ്രകാരം 2 കോടി രൂപ കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാറിന്റെ ശമ്പള ചെലവുകൾക്കായി പദ്ധതി വിഹിതത്തിൽനിന്നും ധനപുനഃവിനിയോഗംവഴി അനുവദിച്ച് ലഭിച്ചിരുന്നതിനാൽ റിപ്പോർട്ട് പ്രകാരമുള്ള ശിപാർശയിന്മേൽ സർക്കാരിന് പ്രത്യേകമായി പ്രൊപ്പോസൽ നൽകിയിരുന്നില്ല.

ശിപാർശ (ഖണ്ഡിക നം. 46)

2202-80-800-45—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്

36—സഹായധനം-ശമ്പളേതരം

കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിൽ പുതിയ വിദ്യാർഥികളുടെ ഡിപ്ലോമ പ്രോജക്ടിനുവേണ്ടിയും നിലവിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ശമ്പളേതരം, മൂലധന ആസ്തികളുടെ രൂപീകരണം എന്നീ ചെലവുകൾക്കായി '45-36', '45-35' എന്നീ ഉപശീർഷകങ്ങളിൽ പദ്ധതിയിനത്തിൽ യഥാക്രമം 1.73 കോടി രൂപയും 14 കോടി രൂപയും പദ്ധതിയേതരയിനത്തിൽ '45-31', '45-36' എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 1.1527 കോടി രൂപയും 1.7849 കോടി രൂപയും ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സപ്ലിമെന്ററി ഡിമാൻഡ് ഗ്രാന്റ് പ്രൊപ്പോസൽ സമർപ്പിച്ചു.

ശിപാർശ (ഖണ്ഡിക നം. 55)

2203-00-105-91-34-2—ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം-മറ്റ് ചെലവുകൾ

വൈദ്യുതി ചെലവ്

പോളിടെക്നിക്കുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 വർഷത്തെ രേഖപ്പെടുത്തിയ ചെലവ് 37,53,598/- രൂപ.

2022-23 വർഷത്തിൽ ആകെ ചെലവ് ബഡജ്റ്റ് വിഹിത തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ഫണ്ട് ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ (ഖണ്ഡിക നം. 56)

2203-00-105-79—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

നടുവിൽ പോളിടെക്നിക്കിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ പുതിയ പോളിടെക്നിക്കിന്റെ പ്രാരംഭപ്രവർത്തനങ്ങൾ സംബന്ധിച്ച ചെലവുകൾക്കും നിലവിലെ ബഡജ്റ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.30 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 വർഷത്തിൽ രേഖപ്പെടുത്തിയ ചെലവ് 10,69,58,126/- രൂപ.

2022-23 വർഷത്തിൽ ആകെ ചെലവ് ബഡജ്റ്റ് വിഹിത തുകയിൽ

പരിമിതപ്പെടുത്തിയതിനാൽ അധിക ഫണ്ട് ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(45, 46, 55, 56 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. എൽ 1/512/2024-ഉ.വി.വ., തീയതി 14-07-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-08-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 06-10-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നം. 121)

2204-00-103-98—വിദ്യാർത്ഥികളല്ലാത്തവർക്കുള്ള യുവജനക്ഷേമ പരിപാടികൾ- യൂത്ത് വെൽഫയർ ബോർഡ്
31—സഹായധനം-ശമ്പളം

യുവജനക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.384 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

01.03.2023 തീയതിയിലെ സ.ഉ. (സാധാ) നം. 1514/2023/Fin. ഉത്തരവിലൂടെ അധിക തുകയായി അനുവദിച്ച 6, 28, 000/- രൂപ (ആറ് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം) 2022-23 സാമ്പത്തികവർഷം 2204-00-103-98-31 Grant-in-aid-General-Salary(NP) ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് സ.ഉ. (സാധാ) നം. 80/2023/കാ.യു.വ. തീയതി 08.03.2023 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 122)

2204-00-103-68 -- കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

31--സഹായധനം - ശമ്പളം

സംസ്ഥാന യുവജനക്ഷേമ കമ്മീഷനിലെ ജീവനക്കാരുടെ പുതുക്കിയ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

24.12.2022 തീയതിയിലെ സ.ഉ. (സാധാ) നം. 8761/2022/Fin. ഉത്തരവിലൂടെ അധിക തുകയായി അനുവദിച്ച 9,00,000/- രൂപ 2022-23 സാമ്പത്തികവർഷം 2204-00-103-98-31 Grant-in-aid-General-Salary(NP) ശീർഷകത്തിൽ നിന്നും കേരള സംസ്ഥാന യുവജന കമ്മീഷൻ റിലീസ് ചെയ്യുന്നതിന് സ.ഉ. (സാധാ) നം. 326/2023/കാ.യു.വ. തീയതി 29.12.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

09.02.2023 തീയതിയിലെ സ.ഉ. (സാധാ) നം. 962/2023/Fin. ഉത്തരവിലൂടെ അധിക തുകയായി അനുവദിച്ച 18,00,000/- രൂപ 2022-23 സാമ്പത്തികവർഷം 2204-00-103-98-31 Grant-in-aid-General-Salary(NP) ശീർഷകത്തിൽ നിന്നും കേരള സംസ്ഥാന യുവജന കമ്മീഷൻ റിലീസ് ചെയ്യുന്നതിന് സ.ഉ. (സാധാ) നം. 60/2023/കാ.യു.വ. തീയതി 16.02.2023 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 123)

36—സഹായധനം-ശമ്പളേതരം

കമ്മീഷന്റെ അദാലത്തുകൾ, ഗ്രീൻ സോൺ പദ്ധതി, പാർശ്വവത്കൃത

യുവജനങ്ങളുടെ ആരോഗ്യ പരിപാലനം, യൂത്ത് സർവ്വേ, വിർച്വൽ എംപ്ലോയ്മെന്റ് പദ്ധതി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2204-00-103-68-36 (Plan) ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ട് കേരള സംസ്ഥാന യുവജന കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നം. 124)

കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനത്തിന്റെ വാടക, കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനത്തിന്റെ വാടകയും അറ്റകുറ്റപ്പണികളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസ് & മെയിന്റനൻസ്, സ്റ്റേഷനറി, ഫോൺ, വൈദ്യുതി ചാർജ്ജ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2204-00-103-68-36 (Non Plan, Non Salary) ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി 15 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള സംസ്ഥാന യുവജന കമ്മീഷൻ സമർപ്പിച്ചിരുന്നെങ്കിലും ധനപരിമിതി കാരണം ആയത് അനുവദിച്ച് നൽകിയിട്ടില്ല.

(121 മുതൽ 124 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക

യുവജനകാര്യ വകുപ്പ് കത്ത് നം. 238/ബി2/2022-എസ്.വൈ.എ., തീയതി 24-05-2025 & 27-06-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-08-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 06-10-2025-ൽ സഭയിൽ സമർപ്പിച്ചു)

4) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2023-24)

(ഫയൽ നം:- KLS/550/2025-Sub. Com. E1)

ശിപാർശ (ഖണ്ഡിക നമ്പർ 52)

2202-03-103-92 –തിരുവനന്തപുരം ലോ കോളേജ്

34-3—മറ്റ് ചെലവുകൾ – മറ്റിനം

ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലേക്ക് പോകുന്ന റോഡിന്റെ ഇടത് വശത്തുള്ള മതിൽ പുനർ നിർമ്മിക്കുന്നതിനായി പദ്ധതിയിനത്തിൽ 1.2074 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തി നടന്നില്ല. അതിനാൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 53)

2202-03-103-90—എറണാകുളം ലോ കോളേജ്

05-2—ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ്

വൈദ്യുതിയുടെ ഉപഭോഗവും വൈദ്യുതി നിരക്കിൽ വന്ന

വർദ്ധനവുംമൂലം നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 20,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

09.03.2023-ലെ സ.ഉ(സാധാ) നം.1730/2023/ധന ഉത്തരവ് പ്രകാരം 20,000/- രൂപ അധിക വിഹിതം അനുവദിച്ചു.

ശിപാർശ (ഖണ്ഡിക നമ്പർ 54)

2202-03-103-89 –കോഴിക്കോട് ലോ കോളേജ്

04-4—യാത്രാച്ചെലവുകൾ – അവധിയാത്രാനുകൂല്യം

കോഴിക്കോട് ലോ കോളേജിലെ 3 ജീവനക്കാരുടെ എൽ.റ്റി.സി. ബില്ലുകൾ പെൻഡിംഗിലായതിനാൽ പദ്ധതിയേതരയിനത്തിൽ 1.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

24.08.2023-ലെ സ.ഉ(സാധാ) നം.6220/2023/ധന ഉത്തരവ് പ്രകാരം 1,57,000/- രൂപ അധിക വിഹിതം അനുവദിച്ചു.

ശിപാർശ (ഖണ്ഡിക നമ്പർ 55)

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

04-1—യാത്രാച്ചെലവുകൾ-യാത്രാബത്ത

05-2—വൈദ്യുതി ചെലവ്

തൃശ്ശൂർ ലോ കോളേജിന് കൂടുതൽ മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതിനാൽ യാത്രാബത്തയിനത്തിൽ 20,000 രൂപയും വൈദ്യുതി ബിൽ കൂടുതലായതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 1 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 1.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ച തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

(52 മുതൽ 55 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. C1/172/2023-HEDN., തീയതി 05-12-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 06-10-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നമ്പർ 58)

2202-03-105-97-02 --<u>അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി)(എഫ്. എ. പി.)</u>

അസാപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, പരിപാലനം, തൊഴിൽ നൈപുണ്യ പരിശീലനം, സെന്റർ ഓഫ് എക്സലൻസിന്റെ സ്ഥാപനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 74.6407 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ അസാപ് കേരളയ്ക്ക് വേണ്ടി സംസ്ഥാന ബജറ്റിൽ 2202-03-105-97(02) EAP എന്ന ശീർഷകത്തിൽ 35 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 24.50 കോടി രൂപ മാത്രമാണ് അനുവദിച്ചത്. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തതു പ്രകാരമുള്ള അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(ഖണ്ഡിക 58 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. സി4/34/2024/ഉ.വി.വ., തീയതി 31-08-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക നമ്പർ 61)

2203-00-001-93—<u>വകുപ്പിന്റെ ശക്തിപ്പെടുത്തൽ</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് മേഖലാ ഓഫീസുകൾ, പരീക്ഷാ വിഭാഗം എന്നിവയുടെ വികസനത്തിനും കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് സെന്ററിലെ മാനവശേഷി വികസനത്തിനും മറ്റുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 വർഷത്തിൽ രേഖപ്പെടുത്തിയ രൂപ 1,57,27,345/- ചെലവ്.

2023-24 വർഷത്തിൽ ആകെ ചെലവ് ബജറ്റ് വിഹിത തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ഫണ്ട് ആവശ്യപ്പെടേണ്ടതായി വന്നില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 62)

2203-00-003-89—അദ്ധ്യാപന-പഠന പ്രക്രിയ മെച്ചപ്പെടുത്തലും നൈപുണ്യ വിടവ് കുറയ്ക്കലും

എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റി വികസനം, അക്കാദമിക് സ്റ്റാഫ് കോളേജ്, SHE പദ്ധതിയുടെ വികസനം തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 വർഷത്തിൽ രേഖപ്പെടുത്തിയ ചെലവ് 21,71,36,315/- രൂപ.

പ്രസ്തുത ശീർഷകത്തിൽ QIP പദ്ധതിയുടെ ശമ്പളവും ഉൾപ്പെട്ടിട്ടുണ്ട്. ശമ്പള ശീർഷകങ്ങളിൽ appropriation കൺട്രോൾ ഇല്ലാത്തതിനാൽ മതിയായ ബജറ്റ് വിഹിതം വകയിരുത്താതെ തന്നെ ചെലവ് വഹിക്കാൻ കഴിയുന്നതാണ്.

(61, 62 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. HEDNG2/170/2023-HEDN., തീയതി 18-01-2025 & 03-06-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നമ്പർ 65)

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ.പി.ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഡോ. എ.പി.ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 207.3770 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 66)

36—സഹായധനം - ശമ്പളേതരം

ഡോ എ.പി.ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 75.7886 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 67)

31—സഹായധനം - ശമ്പളം

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി 'സഹായധനം - ശമ്പളം' എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 39.1204 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന

വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീStream Type LIVE ർഷകത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 71)

2203-00-112-72—സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആൻറ് ഡവലപ്മെന്റ്

പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾ-ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 5.3140 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(65, 66, 67, 71 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. HEDN-J3/81/2023-HEDN., തീയതി 28-07-2024 & 03-10-2024 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നമ്പർ 86)

4202-02-105-81-എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാനസൗകര്യ

വികസന-ത്തിനും നിലവിൽ നടന്നുവരുന്ന വിവിധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരി-ക്കുന്നതിനും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.40 കോടി രൂപ പദ്ധതി-യിനത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരു-ത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിലെ 2023-24 സാമ്പത്തികവർഷത്തെ ചെലവ് 5,84,16,712/- രൂപ. ടി തുക ബജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക 86 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. HEDN-G2/170/2023-HEDN., തീയതി 18-01-2025 & 03-06-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗത്തിലും തിരുത്തിയ നടപടിപത്രിക 27-08-2025 ലെ സമിതി യോഗത്തിലും അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നമ്പർ 131)

2204-00-104-97-കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

31—സഹായധനം-ശമ്പളം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലത്തതിനാൽ

പദ്ധതിയേതരയിനത്തിൽ 7.1421 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അധിക ഗ്രാന്റിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ധനപരിമിതി കാരണം ആയത് അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 132)

36-സഹായധനം-ശമ്പളേതരം

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും അസോസിയേഷനു- കൾക്ക് ഗ്രാന്റ് അനുവദിക്കാനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്ത-മല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 11.1250 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും അധിക തുക ആവശ്യപ്പെട്ട് സർക്കാരിന് പ്രൊപ്പോസൽ ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 133)

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും, 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻകാർക്ക് 62 മാസത്തെ കുടിശ്ശിക നൽകുന്നതിനും

നിലവിലെ ബഡ്ജറ്റ് വിഹിതം അര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അധിക ഗ്രാന്റിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ധനപരിമിതി കാരണം ആയത് അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 134)

2204-00-104-91-ഡിപ്പാർട്ട്മെന്റ് സ്കൂളുകളിൽ കായികവിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായികയുവജന കാര്യാലയത്തിൽനിന്നും അധിക ഗ്രാന്റിനായി പ്രൊപ്പോസൽ ലഭ്യമായിരുന്നെങ്കിലും ധനപരിമിതികാരണം ആയത് അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 135)

2204-00-104-89—സിവിൽ സർവ്വീസസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

കിറ്റ്, ഡയറ്റ് അലവൻസ്, ക്യാഷ് അവാർഡ് എന്നിവയുടെ തുക വർദ്ധിപ്പിച്ചതിനാലും സംസ്ഥാന മീറ്റിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുകയും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാവുന്ന ടീമംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.57 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായികയുവജന കാര്യാലയത്തിൽനിന്നും അധിക ഗ്രാന്റിനായി പ്രൊപ്പോസൽ ലഭ്യമായിരുന്നെങ്കിലും ധനപരിമിതികാരണം ആയത് അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 136)

4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ

കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മേജർ കായിക അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അര്യാപ്ത-മായതിനാൽ പദ്ധതിയിനത്തിൽ 14.50 കോടി രൂപ ധനപുനഃവിനിയോഗം / ഉപ ധനാഭ്യർത്ഥനവഴി അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായികയുവജന കാര്യാലയത്തിൽനിന്നും അധിക ഗ്രാന്റിനായി പ്രൊപ്പോസൽ ലഭ്യമായിരുന്നെങ്കിലും ധനപരിമിതികാരണം ആയത് അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 137)

4202-03-102-83—ഗ്രാമീണ കളിസ്ഥലം

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി പ്രകാരം ഒരു കളിക്കളത്തിന് 50 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തേണ്ടതുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 58 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായികയുവജന കാര്യാലയത്തിൽനിന്നും അധിക ഗ്രാന്റിനായി പ്രൊപ്പോസൽ ലഭ്യമായിരുന്നെങ്കിലും ധനപരിമിതികാരണം ആയത് അനുവദിച്ചുനൽകിയിട്ടില്ല.

(131 മുതൽ 137 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ വകുപ്പ് കത്ത് നം. എ 2/375/2023-കാ.യു.വ., തീയതി 06-01-2025 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03-06-2025 ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 18-03-2025-ൽ സഭയിൽ സമർപ്പിച്ചു)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ (2024-2025) ഖണ്ഡിക 43-52, 59, 61, 64, 69, 70, 84, 90, 92, 145 എന്നിവയിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ 03.06.2025, 27.08.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടെയും ഗവൺമെന്റ് ലഭ്യമാക്കിയ മറുപടികളുടെയും വിശദാംശം 18.09.2025 ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് (2018)

ശിപാർശ (ഖണ്ഡിക നമ്പർ 3)

ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട്, സ്ഥാപനങ്ങൾ ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും,

സംരഭകപ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ചകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള 2024 -ലെ കേരള പഞ്ചായത്ത് രാജ് (സംരഭങ്ങൾക്ക് ലൈസൻസ് നൽകൽ) കരട് ചട്ടത്തിൽ നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരമുള്ള ഭേദഗതി ഉൾപ്പെട്ടിട്ടുണ്ട്.

(തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് ആർ.ഡി.3//261/2018-തസ്വഭവ തീയതി 29.04.2025 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 03.06.2025 ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)

തിരുവനന്തപുരം
2026 ഒക്ടോബർ 26

എൻ. ഷംസുദ്ദീൻ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി VI

അനുബന്ധം

03-06-2025 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 ജൂൺ 3 ചൊവ്വാഴ്ച ഉച്ചക്കുശേഷം 3.30-ന് നിയമസഭാസമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു.പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ

2. ശ്രീ.എം.എസ്.അരുൺ കുമാർ, എം.എൽ.എ (ഓൺലൈൻ)

3. ശ്രീ.ടി.ഐ.മധുസൂദനൻ, എം.എൽ.എ

4. ശ്രീ.മുഹമ്മദ് മുഹസിൻ, എം.എൽ.എ (ഓൺലൈൻ)

5. ശ്രീ.കെ.എം.സച്ചിൻദേവ്, എം.എൽ.എ (ഓൺലൈൻ)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ.എ.ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ.സി.എം.അജയമോഹൻ, സ്പെഷ്യൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

2. ശ്രീമതി സ്മിത സാം, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി ശാലിനി കെ.ജെ., അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

4. ശ്രീ.ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക വകുപ്പ്

5. ശ്രീമതി വിജയശ്രീ എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. നിസാം എസ്.എ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആർ & ഡി വിഭാഗം)

7. ശ്രീമതി ഷിജി വി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

8. ഡോ.രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ

9. ശ്രീ.എസ്.ഷാനവാസ്, ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

10. ഡോ.അരുൺ എസ്. നായർ, ഡയറക്ടർ, കൊളീജിയറ്റ് എഡ്യൂക്കേഷൻ

11. ഡോ.പ്രദീപ് സി. എസ്., അഡീഷണൽ ഡയറക്ടർ, കായിക യുവജന കാര്യ ഡയറക്ടറേറ്റ്

12. ശ്രീ.ഉബൈദുള്ള എം., ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യുക്കേഷൻ

13. ശ്രീമതി പ്രിയദർശിനി മോഹൻദാസ്, അണ്ടർ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

14. ശ്രീ.ഷെഫീക്ക് അഹമ്മദ് സി.എം., സീനിയർ ഫിനാൻസ് ഓഫീസർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

15. ശ്രീമതി ഹസീന എം., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ

സമിതി സർക്കാരിൽനിന്നും ലഭ്യമാക്കിയ കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ, വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി പത്രികകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I **കരട് ചട്ടത്തിന്റെ പരിഗണന**

The Kerala Right of Children to Free and Compulsory Education (Amendment) Rules, 2025- സംബന്ധിച്ച കരട് ചട്ടം.

(ഫയൽ നം. KLS/4312/2025/സബ്.സി.ഇ 1)

(ഗവ.റഫ.നം.ജെ1/344/2019/പൊ.വി.വ. തീയതി, 03-05-2025)

The Kerala Right of Children to Free and Compulsory Education

(Amendment) Rules, 2025- സംബന്ധിച്ച കരട് ചട്ടം ഭേദഗതികൾ കൂടാതെ സമിതി അംഗീകരിച്ചു.

ll. എസ് ആർ ഒ കളുടെ പരിഗണന

1. The Kerala Higher Secondary Education State Service Rules, 2001, (SRO. 1120/2024)

2. The Kerala Higher Secondary Education Subordinate Service Rules, 2001, (SRO.1121/2024)

(ഫയൽ നം.20246/സബ്.സി.ഇ 1/2024/ലെജി)

(ഗവ.റഫ.നം.ജെ 4/8/2022/പൊ.വി.വ. തീയതി 07-12-2024)

ഹയർ സെക്കൻഡറി വിദ്യാഭ്യാസവകുപ്പിലെ എച്ച്.എസ്.എസ്.ടി./എച്ച്.എസ്.എസ്.ടി. ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികകളിലെ നിയമനത്തിനുള്ള യോഗ്യതയുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിന്മേലുള്ള നടപടി സംബന്ധിച്ച് വിശദീകരിക്കുവാൻ ചെയർപേഴ്സൺ നിർദ്ദേശിച്ചു.

കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ 50 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ തന്നെ ഏതെങ്കിലും സർവകലാശാലകൾ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടെങ്കിൽ മാത്രമേ

എച്ച്.എസ്.എസ്.ടി./എച്ച്.എസ്.എസ്.ടി. ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിലേക്ക് നിലവിൽ നിയമനം നടത്താൻ സാധിക്കുകയുള്ളുവെന്നും എന്നാൽ കേരളത്തിലെ സർവകലാശാലകളൊന്നും തന്നെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തുന്നില്ലെന്നും തമിഴ്നാട്ടിലെ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് (Deemed to be University) ഉൾപ്പെടെയുള്ള ചില സർവകലാശാലകൾ മാത്രമേ പ്രസ്തുത കോഴ്സ് നടത്തുന്നുള്ളുവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത യോഗ്യതയുള്ള ഉദ്യോഗാർഥികളുണ്ടെങ്കിൽ നിയമനത്തിനായി ആദ്യം അവരെ പരിഗണിക്കുമെന്നും എച്ച്.എസ്.എസ്.ടി./എച്ച്.എസ്.എസ്.ടി. ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലേക്ക് പി.എസ്.സി. പലതവണ വിജ്ഞാപനം ചെയ്തിരുന്നെങ്കിലും യോഗ്യതയുള്ള ഉദ്യോഗാർഥികളെ ലഭിച്ചില്ലെന്ന് പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും യോഗ്യതയുള്ള ഉദ്യോഗാർഥികൾ ഇല്ലാത്തതിനാൽ പത്ത് വർഷത്തിലധികമായിട്ടും നികത്തപ്പെടാത്ത ധാരാളം ഒഴിവുകൾ ടി തസ്തികയിൽ നിലവിലുണ്ടെന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിന് ഇക്വലൻസി നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അദ്ദേഹം മറുപടി നൽകി. IIM പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ MBA എന്നതിനുപകരം PG Diploma in Business Management എന്നാണ് പറയുന്നതെന്നും അത്തരം യോഗ്യതയുള്ളവർക്കാണ് ആദ്യപരിഗണന നൽകുന്നതെന്നും കരിക്കുലവും സിലബസും സമാനമാണെങ്കിൽപ്പോലും അത്തരം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ MA Communicative English എന്ന കോഴ്സിനുപകരം Post Graduate Diploma in Teaching of English for Communication or Communicative English എന്ന കോഴ്സാകും

നടത്തുന്നതെന്നും അത് പരിശോധിച്ചതിനുശേഷമാണ് ടി യോഗ്യതയുള്ളവരെക്കൂടി പരിഗണിക്കാമെന്ന് ശിപാർശ ചെയ്തതെന്നും അതിനോടൊപ്പംതന്നെ MA English യോഗ്യതയുള്ള ഉദ്യോഗാർഥികളെക്കൂടി പരിഗണിക്കാവുന്നതാണെന്നും ഇത് സംബന്ധിച്ച് ചെയർപേഴ്സൺ-ന്റെ ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കേണ്ട സാഹചര്യം വന്നതിനാൽ MA English യോഗ്യതയുള്ളവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവയ്ക്കാതെ ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച നടപടി സാധൂകരിക്കുവാൻ സമിതി തീരുമാനിച്ചു.

III. 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന

(ഫയൽ നം 11734/സബ്.സി.ഇ 1/2024/ലെജി)

(റഫ.നം. എ 2/186/2024-കാ.യു.വ തീയതി. 19.05.2025)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം 145-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV.മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെയും കാലതാമസപത്രകകളുടെയും പരിഗണന

1. 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം.5135/സബ്.സി.ഇ. 1/2023/ലെജി)

(റഫ.നം. സി4/34/2024/ഉ.വി.വ. തീയതി. 11.05.2025)

റിപ്പോർട്ടിലെ ഖണ്ഡിക നം 58 ലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ (അസാപ്)വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഗവ.റഫ.നം. C1/172/2023-HEDN തീയതി, 05-12-2024)

(ഗവ.റഫ.നം. HEDNG2/170/202HEDN തീയതി, 18-01-2025)

(ഗവ.റഫ.നം. HEDN-J3/81/2023-HEDN തീയതി, 03-10-2024)

റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം.- 52, 53, 54, 55, 61, 62, 86, 65, 66, 67, 71

(ഗവ.റഫ.നം. എ 2/375/2023-കാ.യു.വ. തീയതി, 06-01-2025)

റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം. - 131, 132, 133, 134, 135, 136, 137

2.2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം.12380/സബ്.സി.ഇ. 1/2021/ലെജി)

(റഫ.നം.HEDN-G2/331/HEDN തീയതി, 29-10-2024)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികയിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം 53, 58, 59, 60, 70

3. 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം.3340/സബ്.സി.ഇ. 1/2019/ലെജി)

(ഗവ.റഫ.നം.സി.1/248/2022/ഉ.വി.വ. തീയതി 06-03-2025)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം.31, 32, 34, 48

V. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് (2018)

(ഫയൽ നം.3187/സബ്.സി.ഇ 1/2018/നി.സെ.)

(KLS/4304/2025/Subc. E1)

(ഗവ.റഫ.നം.ആർ.ഡി.3/261/2018-തസ്വഭവ, തീയതി 29-04-2025)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം 3 ലെ ശിപാർശയിന്മേൽ തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.)

* * * * * * * * *

27-08-2025 - ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 ഓഗസ്റ്റ് മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാസമുച്ചയത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ്ങിലൂടെ) യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്- ഒഫിഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (വിഡിയോ കോൺഫറൻസിങ്ങിലൂടെ)

2. ശ്രീ. കെ. എം. സച്ചിൻദേവ്

3. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. കെ. വാസുകി, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

3. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

4. ശ്രീ. അനിൽകുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

5. ശ്രീ. ജയകുമാർ സി. എസ്., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

6. ശ്രീ. ബാലുമഹേന്ദ്ര ബി., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്

7. ശ്രീമതി ഷിജി വി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

8. ഡോ. സുനിത എ. പി., രജിസ്ട്രാർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം

9. ശ്രീ. രാകേഷ് എസ്. പി., അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

10. ശ്രീമതി പ്രിയദർശിനി മോഹൻദാസ്, അണ്ടർ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

11. ശ്രീ. ആർ. എസ്. ഷിബു, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, പൊതുവിദ്യാഭ്യാസ വകുപ്പ്

12. ശ്രീ. സജി എസ്., ഡെപ്യൂട്ടി ഡയറക്ടർ (അക്കാഡമിക്സ്), ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

13. ശ്രീമതി പ്രീത കെ., അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

14. ശ്രീ. അനിൽകുമാർ എസ്., സീനിയർ ഫിനാൻസ് ഓഫീസർ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ

15. ശ്രീമതി റിജി എ. സണ്ണി, ഫിനാൻസ് ഓഫീസർ, രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ

16. ശ്രീമതി ശരണ്യ എം. എസ്., ഫിനാൻസ് ഓഫീസർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം

സമിതി, സർക്കാരിൽനിന്നും ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, വിവിധ

റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ, ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. കരട് ചട്ടങ്ങളുടെ പരിഗണന

1. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച കരട് ചട്ടം

(ഫയൽ നം.KLS/5634/2025/Subc E1)

(ഗവ. റഫറൻസ് നം. GE-JR1/34 /2023 - G.EDN തീയതി, 21-07-2025)

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന് അനുബന്ധമായി രൂപപ്പെടുത്തേണ്ട സ്റ്റാറ്റ്യൂട്ടിന്റെ കരട്

(ഫയൽ നം. KLS/4921/2025/Subc E1)

(ഗവ. റഫറൻസ് നം. HEDN-B2/43/2023-HEDN തീയതി, 18-07-2025)

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന് അനുബന്ധമായി രൂപപ്പെടുത്തേണ്ട സ്റ്റാറ്റ്യൂട്ടിന്റെ കരട് സമിതി പരിഗണിച്ചു. കരട് ചട്ടത്തിൽ താഴെപ്പറയുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തേണ്ടത് അനിവാര്യമാണെന്ന്

യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചു.

അദ്ധ്യായം 1 (2)(സി)-യിൽ രണ്ടാമത്തെ വരിയിലെ "ഫിസിക്കൽ എഡ്യൂക്കേഷൻ" എന്നത് ഒഴിവാക്കേണ്ടതാണ്.

അദ്ധ്യായം 1 (2)(എൻ)-ൽ "പ്രത്യേക വിദ്യാർത്ഥി സഹായ കേന്ദ്രം" എന്നതിൽ അധികാരപരിധി ബാധകമാണോ എന്നതുകൂടി ഉൾപ്പെടുത്തുന്നത് ഉചിതമാണ്.

അദ്ധ്യായം 1 (2)(ആർ)-ൽ "പ്രോഗ്രാം സെന്റർ" എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ഒരു പ്രോഗ്രാമോ പ്രോഗ്രാമിന്റെ ഭാഗമായ ചില കോഴ്സുകളോ നടത്തുന്നതിന് യു.ജി.സി. റെഗുലേഷനുകൾ അനുസരിച്ചും, ബന്ധപ്പെട്ട അധികാരസ്ഥാപനങ്ങളുടെ നിർദേശപ്രകാരവും യൂണിവേഴ്സിറ്റി സ്ഥാപിച്ചതോ ചുമതലപ്പെടുത്തിയിട്ടുള്ളതോ അംഗീകരിച്ചതോ ആയ ഒരു കേന്ദ്രം എന്നർത്ഥമാകുന്നു." എന്നാണ് പരാമർശിച്ചിരിക്കുന്നത്.

യു.ജി.സി. ആക്ട് (ഒ.ഡി.എൽ. റെഗുലേഷൻസ്) പ്രകാരം ലേണർ സപ്പോർട്ട് സെന്റർ വരെ മാത്രമാണ് നിയമപരമായി വ്യക്തമാക്കിയിട്ടുള്ളത്. "പ്രോഗ്രാം സെന്റർ" ലേണർ സപ്പോർട്ട് സെന്ററിൽനിന്നും വിഭിന്നമായ ഒന്നാണോ എന്ന സംശയം ഉളവാകുമെന്നതിനാൽ ആയതിൽ വ്യക്തത വരുത്തേണ്ടത് അനിവാര്യമാണ്.

അദ്ധ്യായം 2 (2)-ൽ "അധികാരങ്ങൾ ഏല്പിച്ചുകൊടുക്കൽ" എന്ന ഖണ്ഡികയിലെ മൂന്നാമത്തെ വരിയിൽ "പഠനസ്കൂൾ ഡയറക്ടർ" എന്നതിന് പകരം "പഠനസ്കൂൾ മേധാവി" എന്ന് ചേർക്കേണ്ടതാണ്.

അദ്ധ്യായം 2 (3)-ൽ ആദ്യവരിയിലെ "ഭാരതത്തിലെ" എന്ന വാക്കിന് പകരം "ഇന്ത്യയിലെ" എന്ന് ചേർക്കേണ്ടതുണ്ടോ എന്നതിൽ വ്യക്തത വരുത്താവുന്നതാണ്.

അദ്ധ്യായം 2 (1) lll, (vii)-ൽ "ഫൈനാൻസ് ഓഫീസറുടെ ശിപാർശ പ്രകാരം സെക്യൂരിറ്റി തുക മടക്കിനൽകുന്നതിനുള്ള അനുമതി നൽകുക" എന്നതിലെ "സെക്യൂരിറ്റി തുക" എന്നതിനെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതാണ്.

അദ്ധ്യായം 2 (18)(2)(സി)-ൽ രജിസ്ട്രാറുടെ ചുമതലകളിൽ "സെനറ്റ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ, ഫിനാൻസ് കൗൺസിൽ, സൈബർ കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നീ അധികാരസ്ഥാനങ്ങളുടെയും അവ നിയോഗിക്കുന്ന കമ്മിറ്റികളുടെയും യോഗം ചേരുന്നതിന് നോട്ടീസുകൾ പുറപ്പെടുവിക്കുകയും യോഗ നടപടികൾ തയ്യാറാക്കുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്യുക;" എന്നാണ് പരാമർശിച്ചിരിക്കുന്നത്.

ഈ ചുമതലകൾ ഫൈനാൻസ് ഓഫീസറുടെയും സൈബർ കൺട്രോളറുടെയും അധികാരങ്ങളും ചുമതലകളുമായി ഓവർലാപ്പിങ് ചെയ്യുന്നതിനാൽ ഹൈറാർക്കി അനുസരിച്ച് ഫിക്സ് ചെയ്യേണ്ടത് അനിവാര്യമാണ്. അതായത് (18)(2)(എഫ്), (42)(4), (42)(6), (50)(3) തുടങ്ങിയ വ്യവസ്ഥകളുമായാണ് ഓവർലാപ്പിങ് വരുന്നത്.

അദ്ധ്യായം 2 (64)-ൽ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ചുമതലകളെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ജോയിന്റ്

രജിസ്ട്രാർ തസ്തിക നിലവിലില്ല.

അദ്ധ്യായം 2 (68)-ൽ മറ്റു ജീവനക്കാരുടെ നിയമനത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. അതായത് മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും വിഭിന്നമായി ഓപ്പൺ യൂണിവേഴ്സിറ്റിക്ക് Material Production and Distribution Centre ഉണ്ട്. അതിന്റെ പ്രവർത്തനത്തെക്കുറിച്ച് സ്റ്റാറ്റ്യൂട്ടിൽ പരാമർശിക്കുന്നില്ല. ആയതുകൂടി ഉൾപ്പെടുത്തുന്നത് ഉചിതമാണ്.

അദ്ധ്യായം 4 (9)(6)(സി)-ൽ ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് വിഭാഗത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് ഒ.ഡി.എൽ. മോഡിൽ സ്പോർട്സ് നടത്താൻ സാധിക്കില്ല. കൂടാതെ ആകട്ടിലും ഇതിനെക്കുറിച്ച് പരാമർശിക്കാത്തതിനാൽ അദ്ധ്യായം 4 (9)(6)(സി)-യും അദ്ധ്യായം 4 (8)(3)-ഉം ഒഴിവാക്കാവുന്നതാണ്.

അദ്ധ്യായം 4 (25)-ൽ "യൂണിവേഴ്സിറ്റി പ്രൊഫസറുടെ ചുമതലകൾ-" എന്നതിലെ "യൂണിവേഴ്സിറ്റി പ്രൊഫസർ" എന്നത് "പഠനസ്കൂൾ മേധാവി (HOS)" എന്ന് തിരുത്തേണ്ടതാണ്.

അദ്ധ്യായം 8 (5)(3)-ൽ "LL.D (ഡോക്ടർ ഓഫ് ലാ)"-യെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റി നിയമപ്രകാരം ഓൺലൈൻ/ഒ.ഡി.എൽ. മോഡിൽ ലാ ബിരുദം നടത്താൻ സാധിക്കില്ല. അതിനാൽ, ആയത് പുനഃപരിശോധിക്കേണ്ടതാണ്.

അദ്ധ്യായം 9 (10)-ൽ "ഡീനുമായുള്ള കൂടിയാലോചന" എന്ന് പരാമർശിക്കുന്നുണ്ട്. ആക്ട് പ്രകാരം "ഡീൻ" എന്ന തസ്തികയില്ല.

'ഫോം-എ'-ൽ "ഫാക്കൽറ്റി ഡീൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആക്ട് പ്രകാരം "ഡീൻ" എന്ന തസ്തികയില്ല. ആയതിനാൽ അത് ഒഴിവാക്കേണ്ടതാണ്.

അദ്ധ്യായം 2 (1) (lll)- "സാമ്പത്തികം" എന്നതിൽ വൈസ് ചാൻസലർക്ക് അപ്രൂവൽ നൽകാവുന്ന തുകയുടെ പരിധി അഞ്ച് ലക്ഷം രൂപ വരെ എന്നാണ് പരാമർശിച്ചിരിക്കുന്നത്. റെക്കറിങ് നാച്വർ ഓഫ് എക്സ്പെൻഡിച്ചറിന് വൈസ് ചാൻസലർ അപ്രൂവൽ നൽകിയാൽ മതിയോ അല്ലെങ്കിൽ ആയതിന് സിൻഡിക്കേറ്റിന്റെ അപ്രൂവൽ വാങ്ങണമോ എന്നതിൽ വ്യക്തത വരുത്തേണ്ടതാണ്.

മറ്റ് യൂണിവേഴ്സിറ്റികളിൽ ഇല്ലാത്ത സൈബർ വിംഗ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്കുണ്ടെന്നും സോഫ്റ്റ്വെയർ അധിഷ്ഠിതമായാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നതെന്നും സോഫ്റ്റ്വെയേഴ്സ് റിന്യൂവലിനായി ഒരു ലക്ഷം രൂപയ്ക്കു മുകളിൽ തുക വേണ്ടിവരുമെന്നും, ആയതിനാൽ ടി തുക സംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമാണെന്ന് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചു.

നിലവിൽ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ചാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത് എന്നും നിലവിലെ ആക്ട് പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണികൾക്കുമുള്ള തുകയ്ക്ക് അപ്രൂവൽ നൽകാനുള്ള അധികാരം മാത്രമാണ് വൈസ് ചാൻസലർക്കുള്ളത് എന്നും യൂണിവേഴ്സിറ്റി ഫൈനാൻസ് ഓഫീസർ അറിയിച്ചു. ഗവൺമെന്റ് അപ്രൂവൽ ലഭിക്കുന്ന ഫണ്ടുകൾ വൈസ് ചാൻസലർക്ക് വിനിയോഗിക്കാൻ മറ്റ് സർവകലാശാലകളുടെ നിയമങ്ങളിൽ പരാമർശിക്കുന്നുണ്ടെങ്കിൽ ഇതിലും

ഉൾപ്പെടുത്താവുന്നതാണെന്ന് ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

തുക ചെലവഴിക്കുന്നതിന്മേൽ സിൻഡിക്കേറ്റിനുള്ള അധികാരത്തെപ്പറ്റി സമിതി ആരാഞ്ഞതിൽ, 5 ലക്ഷം രൂപ വരെ മാത്രമേ വൈസ് ചാൻസലർക്ക് അപ്രൂവൽ നൽകാൻ സാധിക്കുവെന്നും അതിൽ കൂടുതലാണെങ്കിൽ സിൻഡിക്കേറ്റിന്റെ അനുമതി വാങ്ങേണ്ടതാണെന്നും റെക്കറിംഗ് എക്സ്പെൻഡിച്ചറിന്റെ ഫണ്ട് വിനിയോഗം സംബന്ധിച്ച പ്രൊവിഷൻ കൂടി വൈസ് ചാൻസലറുടെ അധികാരത്തിൽ ഉൾപ്പെടുത്തണമെന്നാണ് നിർദ്ദേശിക്കുന്നതെന്നും ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചു. "സിൻഡിക്കേറ്റ് സമയാസമയം ചുമതലപ്പെടുത്തുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുക." എന്ന് വൈസ് ചാൻസലറുടെ അധികാരങ്ങളിൽ പരാമർശിച്ചിട്ടുള്ളതിനാൽ സിൻഡിക്കേറ്റ് ചുമതലപ്പെടുത്തിയാൽ മതിയാകുമെന്നും മറ്റ് സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് പരിശോധിച്ചശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും ചെയർപേഴ്സൺ നിർദ്ദേശിച്ചു.

സ്റ്റാറ്റ്യൂട്ടിന്റെ കരടിൽ താഴെപ്പറയുന്ന ഭേദഗതികൾ കൂടി സമിതി പരിഗണിച്ചു.

ഉള്ളടക്കത്തിൽ "അദ്ധ്യായം 3 യൂണിവേഴ്സിറ്റി അധികാര a സഭകൾ" എന്നത് "അദ്ധ്യായം 3 യൂണിവേഴ്സിറ്റി അധികാര സ്ഥാനങ്ങൾ" എന്നാക്കി മാറ്റുക.

അദ്ധ്യായം 1, 2(ഡി)-ൽ സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (ClQA) എന്നതിനുശേഷം അധികമായി ഒരു ചിഹ്നം ചേർത്തിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

അദ്ധ്യായം 4 (4)(1)-ൽ "നിയമന രീതിയും യോഗ്യതകളും." എന്ന ഖണ്ഡികയിലെ “യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള 2018-ലെ യു.ജി.സി-റെഗുലേഷനുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ" എന്നതിനുശേഷം "ഇല്ലാത്ത" എന്ന വാക്ക് ചേർക്കേണ്ടതാണ്.

അദ്ധ്യായം 4, 9(7)(എഫ്)-ൽ രണ്ടാമത്തെ വരിയിലെ "സ്ഥാനാർത്ഥിക്ക്" എന്നത് "ഉദ്യോഗാർത്ഥിക്ക്" എന്നാക്കി മാറ്റുക.

അദ്ധ്യായം 4, 9(7)(എഫ്)-ൽ ആറാമത്തെ വരിയിലെ "സ്ഥാനാർത്ഥികളിൽ" എന്നത് "ഉദ്യോഗാർത്ഥികളിൽ" എന്നാക്കി മാറ്റുക.

അദ്ധ്യായം 4, 9(7)(എഫ്)(i)-ൽ "സ്ഥാനാർത്ഥി" എന്നത് "ഉദ്യോഗാർത്ഥി" എന്നാക്കി മാറ്റുക.

അദ്ധ്യായം 5(17)(2)-ൽ "നിയമാണാധികാരിയുടെ" എന്നത് "നിയമനാധികാരിയുടെ” എന്നാക്കി മാറ്റുക.

അദ്ധ്യായം 5, 29(3)-ൽ "അന്വേഷ എജൻസിക്കോ" എന്നത് "അന്വേഷണ ഏജൻസിക്കോ" എന്നാക്കി മാറ്റുക.

അദ്ധ്യായം 6, 1-ൽ "പ്രദേശിക അധികാരപരിധി" എന്നത് "പ്രാദേശിക അധികാരപരിധി" എന്നാക്കി മാറ്റുക.

അദ്ധ്യായം 11, 3(5)(സി)-ൽ "സർട്ടിഫിക്കറ്" എന്നത് "സർട്ടിഫിക്കറ്റ്" എന്നാക്കി മാറ്റുക.

അദ്ധ്യായം 13(11)-ൽ രണ്ടാമത്തെ വരിയിലെ "..... എല്ലാ സെക്യൂരിറ്റികളും

രജിസ്ട്രാറുടെ കയ്യൊപ്പോടുകൂടിയേ പുറത്തുവിടാൻ പാടില്ലാത്തതാണ്." എന്നത് "..... എല്ലാ സെക്യൂരിറ്റികളും രജിസ്ട്രാറുടെ കയ്യൊപ്പോടുകൂടിയേ പുറത്തുവിടാൻ പാടുള്ളൂ." എന്നാക്കി മാറ്റുക.

നിർദ്ദേശിക്കപ്പെട്ട ഭേദഗതികളിന്മേൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിനായി കരട് ചട്ടം വീണ്ടും പരിഗണിക്കുവാൻ സമിതി തീരുമാനിച്ചു.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന

(i). 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. KLS/3564/2025/Subc E1)

[ഗവ. റഫറൻസ് നം. HEDN-B1/112/2025-HEDN തീയതി, 05-08-2025,

ഗവ. റഫറൻസ് നം. സി4/52/2025/ഉ.വി.വ തീയതി, 21-05-2025,

ഗവ. റഫറൻസ് നം. HEDN-G2/158/2025-HEDN തീയതി, 09-06-2025,

ഗവ. റഫറൻസ് നം. P-RO/16/2024-PLGEA തീയതി, 08-07-2025]

പ്രസ്തുത റിപ്പോർട്ടിലെ 43, 44, 45, 46, 47, 48, 49, 50, 51, 52, 59, 61, 69, 70 & 90 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 64-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്, ഖണ്ഡിക 84-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്, ഖണ്ഡിക 92-ലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് എന്നിവ ലഭ്യമാക്കിയ നടപടി പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ii). 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നം. KLS/550/2025/Subc E1)

(ഗവ. റഫറൻസ് നം. HEDN-G2/170/2023-HEDN തീയതി, 04-07-2025)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 86-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ തിരുത്തിയ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii). 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. KLS/4197/2025/Subc E1)

[ഗവ.റഫറൻസ് നം. എൽ 1/512/2024/2022-ഉ.വി.വ. തീയതി, 14-07-2025,

ഗവ. റഫറൻസ് നം. 238/ബി2/2022-എസ്.വൈ.എ. തീയതി, 24-05-2025 & 27-06-2025]

പ്രസ്തുത റിപ്പോർട്ടിലെ 45, 46, 55 & 56 എന്നീ ഖണ്ഡികകളിലെ

ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പും 121, 122, 123, 124 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ വകുപ്പും ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iv). 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം. KLS/4209/2025/ Subc E1)

[ഗവ. റഫറൻസ് നം. HEDN-G2/331/2021-HEDN തീയതി, 03-06-2025]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 70-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ തിരുത്തിയ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. ഹയൽ അദാലത്തുമായി ബന്ധപ്പെട്ട് 18-07-25-ലെ സ.ഉ.(കയ്യെഴുത്ത്) നം. 498/2025/KLS പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച്

ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് സമിതി ഉദ്യോഗസ്ഥരോട് വിവരങ്ങൾ ആരായുകയും തുടർനടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.)

****

16.09.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 സെപ്റ്റംബർ മാസം 16-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം 3.00 മണിക്ക് നിയമസഭാസമുച്ചയത്തിലെ '5 ഡി' നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നത വിദ്യഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. എം. എസ്. അരുൺ കുമാർ

3. ശ്രീ. ടി.വി. ഇബ്രാഹിം

4. ശ്രീ. കെ. എം. സച്ചിൻദേവ്

5. ശ്രീ. എം.വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതികളൊന്നും കൂടാതെ അംഗീകരിക്കുകയും ചെയ്തു.

തമിഴ്നാട്, ആൻഡമാൻ നിക്കോബാർ, തെലങ്കാന, മഹാരാഷ്ട്ര എന്നിവയെയും വെസ്റ്റ് ബംഗാൾ, സിക്കിം, ആസാം എന്നിവയെയും ഉൾപ്പെടുത്തി അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ രണ്ട് കരട് ടൂർ പ്രോഗ്രാമുകൾ തയ്യാറാക്കുവാൻ സമിതി നിർദ്ദേശം നൽകി.

യോഗം വൈകിട്ട് 3.30-ന് അവസാനിച്ചു.

****

30.09.2025 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 സെപ്റ്റംബർ 30, ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 10.30-ന് നിയമസഭാ മന്ദിരത്തിലെ 604-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽവകുപ്പ് മന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. എം.എസ്. അരുൺകുമാർ

3. ശ്രീ. ടി.വി. ഇബ്രാഹിം

4. ശ്രീ. ടി.ഐ. മധുസൂദനൻ

5. ശ്രീ. മുഹമ്മദ് മുഹസിൻ

6. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ.ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്

2. ശ്രീമതി ആശ ജി.എസ്., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി ബിന്ദു സി., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്

ബില്ലിന്റെ പരിഗണന

സമിതി 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ

ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി.വി. ഇബ്രാഹിം എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജനക്കുറിപ്പ് നൽകി.

യോഗം രാവിലെ 10.40 -ന് അവസാനിച്ചു.

06-10-2025 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2025 ഒക്ടോബർ മാസം 6-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 10.55-ന് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ.ആർ.ബിന്ദുവും സന്നിഹിതയായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. എം. എസ്. അരുൺ കുമാർ

3. ശ്രീ. ടി. വി. ഇബ്രാഹിം

4. ശ്രീ. മുഹമ്മദ് മുഹസിൻ

5. ശ്രീ. കെ. എം. സച്ചിൻദേവ്

6. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ബിന്ദു സി., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്

2. ശ്രീമതി വിജയശ്രീ എസ്., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി ഷിജി വി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. പ്രേം ദാമോദരൻ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീ.അനിൽ കുമാർ വി.എസ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

സമിതി, 'The University Laws (Amendment) (No.3) Bill, 2025', '2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ' എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. 'The University Laws (Amendment) (No.3) Bill, 2025

സമിതി, 'The University Laws (Amendment) (No.3) Bill, 2025', പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

2. '2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാംനമ്പർ) ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2-ാം ഖണ്ഡം

2-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ (1986-ലെ 31-ാം ആക്ട്),-

18-ാം വകുപ്പിനുശേഷം ചേർക്കാൻ ഉദ്ദേശിക്കുന്ന 18 എ വകുപ്പിൽ "സിൻഡിക്കേറ്റ്" എന്ന വാക്കിനുപകരം "സിൻഡിക്കേറ്റിന്റെ ഒരു യോഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4-ാം ഖണ്ഡം

4-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ (2013-ലെ 24-ാം ആക്ട്),-

14-ാം വകുപ്പ് (6)-ാം ഉപവകുപ്പിനുശേഷം ചേർക്കാൻ ഉദ്ദേശിക്കുന്ന (7)-ാം ഉപവകുപ്പിൽ "നിർവ്വാഹകസമിതി" എന്ന വാക്കിനുപകരം

"നിർവ്വാഹകസമിതിയുടെ ഒരു യോഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

പ്രസ്തുത ബില്ലിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

യോഗം രാവിലെ 11.05-ന് പിരിഞ്ഞു.

* * * * *

06-02-2026-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2026 ഫെബ്രുവരി 6-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്കുശേഷം 02.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '610-ാം' നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. എം. എസ്. അരുൺ കുമാർ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

2. .ശ്രീ. ടി. വി. ഇബ്രാഹിം (വീഡിയോ കോൺഫറൻസിംഗ് മുഖേന)

3. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ബീന ഒ. എം., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. എൻ.എസ്.കെ. ഉമേഷ്, ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

2. ശ്രീ. സുധീർ കെ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ

3. ഡോ. ആർ.കെ. ജയപ്രകാശ്, ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് &ട്രെയിനിങ് (SCERT)

4. ഡോ. സുപ്രിയ എ. ആർ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള

5. ശ്രീ. ഷൈൻ മോൻ എം. കെ., അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള (SSK)

6. ഡോ. എം. അബ്ദുൾ റഹ്മാൻ, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.

7. ഡോ. മ്യൂസ് മേരി ജോർജ്, ഡയറക്ടർ ആൻഡ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

8. ഡോ. സത്യൻ എം., ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

9. ശ്രീമതി ധന്യ ആർ. കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം

10. ശ്രീ. സി. വീരമണി, ഡയറക്ടർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്,

(സി.ഡി.എസ്.)

11. ഡോ. ഷാജിത എസ്, ജോയിന്റ് ഡയറക്ടർ (എ.സി.ഡി.), ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

12. ഡോ. അരുൺകുമാർ വി. എ., ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (IHRD)

13. ഡോ. ജയപ്രകാശ് പി, ഡയറക്ടർ ,സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

14. ഡോ. ലിന അക്ക മാത്യു, രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)

15. ശ്രീമതി രേഖാ നായർ എൻ., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.)

16. പ്രൊഫ. കെ. എം. ഭരതൻ, രജിസ്ട്രാർ (ഇൻ-ചാർജ്), മലയാളം സർവ്വകലാശാല, തിരൂർ.

17. പ്രൊഫ. ജോബി കെ. ജോസ്, രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല.

18. ശ്രീമതി ബീന റാണി ജി. എസ്., രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഹയർസെക്കന്ററി എഡ്യൂക്കേഷൻ കൗൺസിൽ (KSHEC)

19. ശ്രീമതി സ്വാഹില എം. വി., രജിസ്ട്രാർ, മലയാളം മിഷൻ

20. ഡോ. മോത്തി ജോർജ്ജ്, രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

21. ശ്രീമതി ലക്ഷ്മി ആർ, രജിസ്ട്രാർ (I/C), കേരള സർവ്വകലാശാല.

22. ശ്രീ. അനിൽ കുമാർ വി. എസ്, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

23. ശ്രീമതി രജനി എം. ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

24. ശ്രീമതി ബിജി കെ., ജോയിന്റ് സെക്രട്ടറി, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

25. ശ്രീ. ഹരിലാൽ ടി. എൻ., ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

26. ശ്രീ. ഉബൈദുള്ള എ. സി., ജോയിന്റ് സെക്രട്ടറി, ഫിനാൻസ് വകുപ്പ്

27. ശ്രീമതി സുദർശന എ.കെ., അണ്ടർ സെക്രട്ടറി, പി.വൈ & ഇ. എ. ഡിപ്പാർട്ട്മെന്റ്.

28. ശ്രീ. രാകേഷ് എസ്. പി., അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

29. ശ്രീമതി പ്രീത ബി.എസ്., അണ്ടർ സെക്രട്ടറി, ഫിനാൻസ് വകുപ്പ്

30. ശ്രീ. അനിൽ കുമാർ എസ്. സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം

31. ശ്രീ. കൃഷ്ണകുമാർ സി. കെ. സീനിയർ ഫിനാൻസ് ഓഫീസർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

32. ശ്രീ. സുരേഷ് എസ്, സീനിയർ ഫിനാൻസ് ഓഫീസർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.)

33. ശ്രീ. ഷാജി എ. കെ., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ (DCE)

34. ശ്രീ. ഷഫീക്ക് അഹമ്മദ് സി.എം., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ (DTE)

35. ശ്രീമതി ശരണ്യ എം. എസ്., ഫിനാൻസ് ഓഫീസർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം.

36. ശ്രീമതി സിൽവി കൊടക്കാട്ട്, ഫിനാൻസ് ഓഫീസർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

37. ശ്രീ. ബിജു മാത്യു, ഫിനാൻസ് ഓഫീസർ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.

38. ശ്രീ. അരുൺ കുമാർ എസ്., ഫിനാൻസ് ഓഫീസർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)

39. ശ്രീ. സുനിൽ കുമാർ എസ്., ഫിനാൻസ് ഓഫീസർ, കണ്ണൂർ സർവ്വകലാശാല.

40. ശ്രീ. അജി കുര്യൻ, ഫിനാൻസ് ഓഫീസർ, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU)

41. ശ്രീമതി ജ്യോതി ലക്ഷ്മി കെ., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട് (KSICL)

42. ശ്രീമതി ലിനിമോൾ ജോസഫ്, ഫിനാൻസ് ഓഫീസർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ്

ആർട്സ്, (KRNNIVSA) കോട്ടയം

43. ശ്രീമതി ശ്രീകല ആർ, ഫിനാൻഷ്യൽ അസിസ്റ്റന്റ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് & ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് (SIEP)

44. ശ്രീ. മനോജ് ബാബു, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് & ടെയിനിങ്. (CAPT)

45. ശ്രീ. നിഷാന്ത് വി. ഫിനാൻസ് ഓഫീസർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്

46. ശ്രീമതി ഹസീന എം., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ഹയർസെക്കന്ററി എഡ്യൂക്കേഷൻ കൗൺസിൽ (KSHEC)

47. ശ്രീമതി ബി. എസ്. ദീപ, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സ് (DSYA)

48. ശ്രീ. റാൻസം ഷിമ്മി കെ. എസ്. ഫിനാൻസ് ഓഫീസർ, സി. ഇ. ഇ.

49. ശ്രീ. സലിൽ എം. ഫിനാൻസ് ഓഫീസർ, സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC)

50. ശ്രീമതി ശ്രീലത എം., ഫിനാൻസ് ഓഫീസർ, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ

51. ശ്രീ. ഹിരൺ ജി., ജൂനിയർ ഫിനാൻസ് ഓഫീസർ (I/C), കേരള സർവ്വകലാശാല

52. ശ്രീ. വിദ്യുത് കെ. എസ്., പ്രിൻസിപ്പൽ, ഗവൺമെന്റ് ലോ-കോളേജ്, കോഴിക്കോട്.

53. ഡോ. ഹമീമ എം, പ്രിൻസിപ്പൽ (ഇൻ-ചാർജ്), ഗവൺമെന്റ് ലോ-കോളേജ്, തിരുവനന്തപുരം

54. പ്രൊഫ. സോണിയ കെ. ദേവ്, പ്രിൻസിപ്പൽ (ഇൻ-ചാർജ്), ഗവൺമെന്റ് ലോ-കോളേജ്, തൃശ്ശൂർ

55. ഡോ. ബിന്ദു മോൾ വി. സി. പ്രിൻസിപ്പൽ (ഇൻ-ചാർജ്), ഗവൺമെന്റ് ലോ-കോളേജ്, എറണാകുളം

56. ഡോ. എസ്. സതീഷ് കുമാർ, എഞ്ചിനീയർ, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU)

57. ശ്രീ. ഇർഷാദ് കെ., അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)

58. ഡോ. സന്തോഷ് വി. എസ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

59. ശ്രീമതി സൈദ കെ. എം., പ്ലാനിങ് & ഡെവലപ്മെന്റ് ഓഫീസർ, കുസാറ്റ്

60. ശ്രീമതി ദീപ മാർട്ടിൻ, ചീഫ് പ്ലാനിംഗ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം

61. ശ്രീ. അനുരൂപ് എ. നായർ, പബ്ലിക്ക് റിലേഷൻസ് ഓഫീസർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ്

ആർട്സ്, (KRNNIVSA) കോട്ടയം

62. ശ്രീമതി സിന്ധു എ. ടി. സീനിയർ സൂപ്രണ്ട്, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

63. ശ്രീമതി സിനി വൈ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

64. ശ്രീ. എൽ. വിനോദ് കുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എൻ.സി.സി. ഡയറക്ടറേറ്റ്

65. ഡോ. ദേവിപ്രിയ ഡി., സ്റ്റേറ്റ് ഓഫീസർ, നാഷണൽ സർവീസ് സ്കീം (NSS)

66. ശ്രീമതി ജ്യോതി എൻ., അക്കൗണ്ട്സ് ഓഫീസർ, നാഷണൽ കേഡറ്റ് കോർപ്സ് (NCC)

67. ശ്രീ. വി. കെ. മധു., സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

68. ശ്രീമതി ശ്രീരഞ്ജിനി എസ്, പ്രോജക്ട് ഓഫീസർ, വിദ്യാകിരണം.

69. ശ്രീ. എം. എ. ഗിരീഷ് കുമാർ, ഫിനാൻസ് ഓഫീസർ, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല

70. ശ്രീ. അൻവർ വി., ഫിനാൻസ് ഓഫീസർ, കാലിക്കറ്റ് സർവകലാശാല

71. ശ്രീമതി ഷൈനി എം. എസ്., പ്രോജക്ട് അസിസ്റ്റന്റ് മലയാളം മിഷൻ

72. ശ്രീ. ബിന്റോ മാത്തച്ചൻ, മാനേജർ, (ഫിനാൻസ്), അസാപ്, കേരള

73. ശ്രീ. നിഷാന്ത് എൻ., മാനേജർ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

74. ശ്രീമതി പ്രീതി ലിയോനോൾഡ്, ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

75. ശ്രീ. മുരളീധരൻ പിള്ള എം., ഫിനാൻഷ്യൽ കൺസൾട്ടന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോർസസ് ഡെവലപമെന്റ് (IHRD)

സമിതി 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നം.XVII -ന്റെ കീഴിൽ വരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം, ആസൂത്രണസാമ്പത്തികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 ശീർഷകങ്ങളിലെ കണക്കിനങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകാൻ തീരുമാനിക്കുകയും ചെയ്തു.

സാംസ്കാരികകാര്യ വകുപ്പ്

2202-05-102-86 - **മലയാളം മിഷൻ**

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായുള്ള പഠനവണ്ടി, കരിക്കുലം സിലബസ്, പ്രവാസി സാഹിത്യ സമ്മേളനം തുടങ്ങിയ പ്രോജക്ടുകൾക്ക് വേണ്ടിയും ജീവനക്കാരുടെ ശമ്പളം, വേതനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.53 കോടി രൂപയും

പദ്ധതിയേതരയിനത്തിൽ 36.48 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-92-36 - **കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം - സഹായധനം -ശമ്പളേതരം**

ബുക്ക്കഫെ വിപുലീകരണം, ബുക്ക്മാർക്ക് പബ്ലിക്കേഷൻ, ബുക്ക് വെന്റിംഗ് മെഷീൻ, അന്തർദേശീയ പുസ്തകമേള, സഞ്ചരിക്കുന്ന പുസ്തകശാല തുടങ്ങിയ ആവശ്യങ്ങൾക്കും കൂടാതെ ജീവനക്കാരുടെ ശമ്പളം, ഓഫീസുകളുടെ വാടക എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 49.50 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-96-36 - **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം -ശമ്പളേതരം**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന മുദ്രണം പ്രസ്സിന് പുതിയ കെട്ടിടം നിർമ്മിക്കാനായും, ജീവനക്കാരുടെ ശമ്പള-അലവൻസുകളും മറ്റും നൽകുന്നതിനും, വാടക, വൈദ്യുത ചാർജ്, വാട്ടർ ചാർജ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5576 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-97-36 - സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം - ശമ്പളേതരം

മുൻ വർഷങ്ങളിൽ ഗ്രാന്റ് തുക പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും പദ്ധതിയിന ചെലവുകൾക്കായി എടുത്ത തുകകൾ റീപ്ലപ്പ് ചെയ്യുന്നതിനും, പദ്ധതിയേതരയിന ചെലവുകൾക്കായി എടുത്ത തുകകൾ റീപ്ലപ്പ് ചെയ്യുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.0118 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 3.7467 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-98-36 - സംസ്ഥാന സർവ്വ വിജ്ഞാനകോശം പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം

സമുദ്ര ജൈവവൈവിധ്യവും, സമ്പദ്‌വ്യവസ്ഥയും, ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം എന്നിവയുടെ അച്ചടിക്കുലി, പരസ്യക്കുലി, ഇ-ഓഫീസ് നടപ്പിലാക്കൽ, ജീവനക്കാരുടെ ശമ്പളം, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കും വിഭാവന ചെയ്ത പ്രകാരം പദ്ധതിയേതര പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.89 കോടി രൂപയും അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പ്

4202-01-202-77 - **സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യങ്ങൾ**

വസ്തു വാങ്ങുന്നത് സംബന്ധിച്ചു വരുന്ന അധിക അപേക്ഷകൾ പരിഗണിക്കുന്നതിനും മുൻവർഷങ്ങളിൽ അനുവദിച്ച കെട്ടിടങ്ങളുടെ ബില്ലുകൾ മാറുന്നതിനും ഈ ശീർഷകത്തിൽ അധികമായി 12.20 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-71 - **അക്കാദമിക് എക്സലൻസ്**

സംസ്കൃത വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുൻ വർഷത്തെ ബജറ്റ് വിഹിതം കുറവ് വന്നതിനാൽ സ്കോളർഷിപ്പ് തുക കുട്ടികൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആ ഇനത്തിൽ അധികമായി 40 ലക്ഷം രൂപയും ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് ദൃശ്യ മാധ്യമ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന കനിവ് പദ്ധതി, കുട്ടികൾ രചിച്ച 200 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി എന്നീ പദ്ധതികൾ നടത്തുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിക്കായി അധികമായി 3.25 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-01 - **പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ - കേന്ദ്രവിഹിതം**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രതീക്ഷിത കേന്ദ്ര വിഹിതത്തിന്

ആനുപാതിക സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 63.92 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-90-02 - **പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ - സംസ്ഥാനവിഹിതം**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നിരക്കുകൾ 2024 ഡിസംബർ മാസം മുതൽ പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രതീക്ഷിത കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 18.95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-112-89 – **പ്രധാനമന്ത്രി പോഷൺ ശക്തി നിർമ്മാൺ –സംസ്ഥാനത്തിന്റെ അധിക സഹായം**

പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അനുബന്ധ പോഷണവും ഉച്ചഭക്ഷണവും പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾക്കും, പാചകതൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന മാൻഡേറ്ററി വിഹിതത്തിനു പുറമേയുള്ള അധിക ഓണറേറിയം നൽകുന്നതിനും, സപ്ലൈകോയ്ക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കായ മെട്രിക് ടണ്ണിന് 1500/- രൂപയ്ക്ക് പുറമേ മെട്രിക് ടണ്ണിന് 650/- രൂപാ വീതം അധിക കടത്ത് കൂലി നൽകുന്നതിനും, പാചകതൊഴിലാളികൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ സമാശ്വാസം നൽകുന്നതിനും, പാചക ചെലവിനത്തിൽ അധികമായി വഹിക്കുന്ന തുക

നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 125.1455 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-104-99 - **പരിശോധന**

സംസ്ഥാനത്തെ വിവിധ എ.ഇ.ഒ ഓഫീസുകളിലെ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ വാടക, വാടക കുടിശ്ശിക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ അധികമായി 1.3625 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-99 - **ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ്**

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2022 ഒക്ടോബർ മുതലുള്ള മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 70 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-93-02-4 - **പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം - വേതനം - കൺസോളിഡേറ്റഡ് പേ**

പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ജീവനക്കാരുടെ ഓണറേറിയം തുക വർദ്ധിപ്പിച്ച കോടതി ഉത്തരവ് പ്രകാരം കുടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിന് അധികമായി 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-99 - **ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ**

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്, റിപ്പയർ, മറ്റ ചെലവുകൾ എന്നീ കണക്കിനങ്ങളിലായി അധികമായി 64.90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-98 - **മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)**

ജൂലൈ 2024 മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിനും താരിഫ് വർദ്ധനവ് പ്രകാരമുള്ള ഇലക്ട്രിസിറ്റി ചാർജ് ഒടുക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈയിനങ്ങളിലായി 22.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-101-99 - **ജില്ലാ വിദ്യാഭ്യാസഓഫീസുകൾ - പരിശോധന**

2023 ഒക്ടോബർ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക

നൽകുന്നതിനും, ഇലക്ട്രിസിറ്റി ചാർജ്, വാടക എന്നിവ അടയ്ക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 39.63 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-106-99 - **പാഠപുസ്തക പ്രസിദ്ധീകരണം**

പാഠപുസ്തക ഓഫീസിലെ മുൻ വർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്, വിതരണ ചാർജ് കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 202.7459 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-108-99 - **പരീക്ഷാ വിഭാഗം**

പരീക്ഷാ വിഭാഗത്തിന് CV കവറുകൾ, ഉത്തരക്കടലാസുകൾ എന്നിവ പ്രിന്റ് ചെയ്ത വകയിലെ കുടിശ്ശിക, ടാക്സ് കുടിശ്ശിക എന്നിവ നൽകുന്നതിനും 3 കവചിത വാഹനം വാങ്ങുന്നതിനും വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും വിവിധ പരീക്ഷകളുടെ കണ്ടിജൻസി ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ അധികമായി 43.5402 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-99 - **സെക്കണ്ടറി സ്കൂളുകൾ**

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.15 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-02-101-99-34-03 - **ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ – മറ്റ് ചെലവുകൾ – മറ്റിനം**

2025-26 വർഷത്തെ തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-101-99 - **ലോവർപ്രൈമറി സ്കൂളുകൾ**

സർക്കാർ ലോവർപ്രൈമറി സ്കൂളുകളിലെ അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ 2023 ഫെബ്രുവരി മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ വിതരണം ചെയ്യുന്നതിന് പ്രസ്തുത ഇനത്തിൽ അധികമായി 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-101-98 – **അഷർപ്രൈമറി സ്കൂളുകൾ**

സർക്കാർ അപ്പർപ്രൈമറി സ്കൂളുകളിലെ അധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരുടെ 2023 ഫെബ്രുവരി മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

തുക വിതരണം ചെയ്യുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനത്തിൽ അധികമായി 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-110-99 - **ഗവൺമെന്റേതര സെക്കണ്ടറിസ്കൂളുകൾക്കുള്ള സഹായം – ടീച്ചിംഗ് ഗ്രാന്റ്**

സർക്കാർ ഇതര സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ 2023 ഏപ്രിൽ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുകകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 4 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-191-50 - **കോർപ്പറേഷനുകൾക്കുള്ള സഹായം – റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-192-50 - **മുനിസിപ്പാലിറ്റികൾക്കുള്ള സഹായം –റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-196-50 - **ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം – റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-198-50 - **വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം – റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

ഗ്രാമപഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ ഉള്ളവ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 7 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-191-50 - **കോർപ്പറേഷനുകൾക്കുള്ള സഹായം – റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പെടെ

വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-192-50 - **മുനിസിപ്പാലിറ്റികൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കൂടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-196-50 - **ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കൂടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-107-95-12 - **സൈനിക സ്കൂളുകൾക്കുള്ള സ്കോളർഷിപ്- സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും**

സ്കോളർഷിപ്പ് തുക കൂടിശ്ശിക വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/

ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-800-78 - **കഴക്കൂട്ടം സൈനിക് സ്കൂളിനുള്ള സ്പെഷ്യൽ ഗ്രാന്റ്**

സൈനിക സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 15 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-94 - **ഡയറക്ടറേറ്റ് ഓഫ് ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ(പ്ലസ് ടു)**

പ്ലസ്വൺ, പ്ലസ്ടു പരീക്ഷകളുടെ ചോദ്യപേപ്പർ അച്ചടിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ ചെലവുകൾക്കായും, ജീവനക്കാരുടെ ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-92 - **ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്**

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ ചികിത്സാ ചെലവ് നൽകുന്നതിന് അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-86 - **ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ (പ്ലസ് ടു കോഴ്സ്)**

അധ്യാപക/ അനധ്യാപക ജീവനക്കാരുടെ ചികിത്സ ചെലവ് നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 12 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-110-94 - **എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്**

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ ചികിത്സാ ചെലവ് നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-95-34-03 - **വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം**

നിർബന്ധമായും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പാഠ്യ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായും പരീക്ഷാ ആവശ്യങ്ങൾക്കും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിലെ കണക്കിനത്തിൽ പദ്ധതിയിനത്തിൽ 4 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 7.2 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-78-34-03 - **ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ – മറ്റു ചെലവുകൾ – മറ്റിനം**

സ്പെഷ്യൽ സ്കൂളുകൾക്കുള്ള(ഗവൺമെന്റ്) ഡയറ്റ് ചാർജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 22.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-110-95-34-03 - **എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ – ടീച്ചിംഗ് ഗ്രാന്റ് – മറ്റു ചെലവുകൾ – മറ്റിനം**

എയ്ഡഡ് മേഖലയിലുള്ള ഒരു ബധിര വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ ഡയറ്റ് ചാർജ്, ബോർഡിംഗ് ഗ്രാന്റ് എന്നിവയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ അധിക തുക ആവശ്യമാണ്. ആയതിനാൽ ഈയിനത്തിൽ അധികമായി 21.53 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-004-91-36 - **സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി. ഇ. ആർ.റ്റി)**

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ

സമിതി തീരുമാനിച്ചു. കൂടാതെ 2008-2009 സാമ്പത്തിക വർഷം മുതൽ എസ്.സി. ഇ. ആർ.റ്റി ക്ക് പദ്ധതിയേതരയിനത്തിൽ തുകയൊന്നും ലഭിക്കുന്നില്ല. അതിനാൽ ജീവനക്കാരുടെ ശമ്പള ചെലവ് വഹിക്കുന്നതിനായി 2202-80-004-91-31 എന്ന ശീർഷകം ഉൾപ്പെടുത്തി ആയതിൽ 9 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-81 - **സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്**

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96(02) - **സമഗ്ര ശിക്ഷാ കേരള പ്രോജക്ട് ഡയറക്ടറേറ്റ് സംസ്ഥാന വിഹിതം**

പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതമായ 60% തുകക്ക് ആനുപാതികമായി 40% തുക സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടതായിട്ടുള്ളതിനാൽ ഈയിനത്തിൽ 261 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96(03) - **സമഗ്ര ശിക്ഷാ കേരളം – പ്രോജക്ട് ഡയറക്ടറേറ്റ് സംസ്ഥാനത്തിന്റെ അധിക സഹായം**

സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് ഓഫീസ് നിർമ്മാണത്തിനും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളത്തിനും ജില്ലാ ഓഫീസുകളുടെ നവീകരണത്തിനും സംസ്ഥാന കാര്യാലയം ടെയിനിംഗ് ഹബ്ബാക്കുന്നതിനും 55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96 -(04) - **സമഗ്രശിക്ഷാ കേരളം സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശസ്വയംഭരണ വിഹിതം**

ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74 ശതമാനം തുക എലിമെന്ററി എഡ്യൂക്കേഷൻ എന്ന ഘടകത്തിനാണ്. ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്രത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുകയുള്ളൂ. ആകയാൽ ഈയിനത്തിൽ 230 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-95 -(01) - **സമഗ്രശിക്ഷാ കേരള അധ്യാപനം ശക്തിപ്പെടുത്തൽ സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും (സ്റ്റാർസ്)**

60 : 40 അനുപാതത്തിലുള്ള പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2026-27 വർഷം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 200 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-95-(02) - **സമഗ്ര ശിക്ഷ – അധ്യാപനം ശക്തിപ്പെടുത്തൽ**

സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും

കേന്ദ്ര വിഹിതമായ 60% തുകക്ക് ആനുപാതികമായ 40% തുക സംസ്ഥാന വിഹിതമായി വകയിരുത്തിയാൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈയിനത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-102-93-35 – **മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ –മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം**

സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ആന്റ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈയിനത്തിൽ 9.12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-800-77 - **മഹിളാ സമഖ്യ പ്രോഗ്രാം**

8 മഹിളാ ശിക്ഷൺ കേന്ദ്രങ്ങളുടെയും 6 ജില്ലാ നിർവ്വഹണ യൂണിറ്റുകളുടെയും, സ്റ്റേറ്റ് പ്രോജക്ട് ഓഫീസിന്റെയും പ്രവർത്തനങ്ങൾക്കും മഹിള സമഖ്യ സൊസൈറ്റിയുടെ ഫീൽഡുതല പ്രവർത്തനങ്ങൾക്കുമായി ബജറ്റ് വിഹിതത്തിനുപുറമേ 5.13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

4202-01-203-64 - **ഭൗതിക, മാനവിക, ഐ.ടി എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ നിലവാരം ഉയർത്തൽ, വികസനം പരിപാലനം- കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന**

വകുപ്പിന്റെ കീഴിൽ പൊതു ഹോസ്റ്റൽ സംവിധാനം ഒരുക്കുവാനും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഹോസ്റ്റൽ സ്ഥാപിക്കുവാനും K.N.M ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി 3.5 ഏക്കർ ഭൂമി ഏറ്റെടുക്കുവാനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 85 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-001-93 - **വകുപ്പിന്റെ ശാക്തീകരണം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് മേഖലാ ഓഫീസുകൾ, പരീക്ഷാ വിഭാഗം എന്നിവയുടെ വികസനത്തിനും, കളമേശ്ശേരി സെന്ററിലെ മാനവശേഷി വികസനത്തിനും ആണ് ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. അഞ്ച് ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കും, ആധുനികവൽകരണത്തിനും, ദേശീയ സ്ഥാപനങ്ങളിൽ വച്ച് ജീവനക്കാർക്ക് പരിശീലനം നടത്തുന്നതിനും സെമിനാറുകൾ കോൺഫറൻസുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-003-89 - **പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും**

എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിന്റെ ഭാഗമായി അധ്യാപകരെ NIT, IIT എന്നിവിടങ്ങളിൽ PhD, M.Tech പഠനത്തിനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. ടി കാലയളവിൽ അധ്യാപകരുടെ ശമ്പളവും അലവൻസും പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിക്കുന്നു. നിലവിൽ 176 അധ്യാപകർ പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉന്നത പഠനം നടത്തിവരുന്നു. ഇവർക്ക് ശമ്പളവും അലവൻസും നൽകുന്നതിന് പ്രതിമാസം 2.25 കോടി രൂപ ആവശ്യമായി വരുന്നു. കൂടാതെ ഇന്റസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, അക്കാദമിക് സ്റ്റാഫ് കോളേജ്, പ്ലേസ്സ്മെന്റ് ആൻഡ് ട്രെയിനിംഗ്, പഠന സഹായ പദ്ധതി, പുനർജനി, ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, SHE പദ്ധതിയുടെ വിപുലീകരണം എന്നിവയ്ക്കായി ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 17.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-81-**എല്ലാ സർക്കാർ എഞ്ചിനീയറിംഗ്കോളേജുകളുടെയും വികസനം**

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും, പുതിയതായി ആരംഭിക്കുന്ന ചെറുവത്തൂർ എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന വികസനത്തിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 5.40 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-99 - **പോളിടെക്നിക് കെട്ടിടങ്ങൾ**

സർക്കാർ പോളിടെക്നിക്കുകളിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, പുതുതായി ആരംഭിക്കുന്ന പേരാമ്പ്ര പോളിടെക്നിക് കോളേജ്, വിളപ്പിൽശാല പോളിടെക്നിക് കോളേജ് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 5.90 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99 - **ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം**

ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി ഫർണിച്ചർ, കമ്പ്യൂട്ടർ, യു. പി. എസ് എന്നിവ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 5.25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-001-99-00-05-1 – **സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

ഓഫീസ് ചെലവുകൾ – വെള്ളക്കരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വെള്ളക്കരം ഇനത്തിലെ മുൻവർഷത്തെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 2.55 ലക്ഷം രൂപ

ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99-34-02 – **ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം – വൈദ്യുതി**

ഈ ശീർഷകത്തിൻ കീഴിൽ ടെക്നിക്കൽ ഹൈസ്കൂളുകളിലെ വൈദ്യുത ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ അധികമായി 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99-12 – **ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്കോളർഷിപ്പുകളും സ്റ്റൈഫൻഡുകളും**

ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്കോളർഷിപ്പ് ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-104-95- 31 - **വ്യാവസായിക സ്കൂളുകൾ- സഹായധനം – ശമ്പളം**

വ്യാവസായ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷങ്ങളിലെ ടീച്ചിംഗ് ഗ്രാന്റ് നൽകുവാൻ ബജറ്റ് വിഹിതം അര്യാപ്തമായതിനാൽ അധികമായി 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-108-99-34 -3 -**പരീക്ഷകൾ – പരീക്ഷാ വിഭാഗം – മറ്റ ചെലവുകൾ – മറ്റിനം**

പരീക്ഷാ വിഭാഗത്തിന്റെ മറ്റിന ചെലവുകളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അര്യാപ്തമായതിനാൽ അധികമായി 2.01 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-99-04-4 - **എൻജിനിയറിംഗ് കോളേജ്, തിരുവനന്തപുരം – അവധി യാത്രാനുകൂല്യം**

തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ ജീവനക്കാരുടെ അവധി യാത്രാനുകൂല്യത്തിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-81-05-1 - **പുതിയ എൻജിനിയറിംഗ് കോളേജുകൾ – ഓഫീസ് ചെലവുകളിലെ വെള്ളക്കരം**

ഈ ശീർഷകത്തിൽ ഓഫീസ് ചെലവുകളിലെ വെള്ളക്കരം ഇനത്തിൽ മുൻവർഷത്തെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് അധികമായി 17 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-81-34-1 - **പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ – മറ്റുചെലവുകൾ വെള്ളക്കരം**

ഈ ശീർഷകത്തിൽ മറ്റു ചെലവുകളിലെ വെള്ളക്കരം ഇനത്തിൽ മുൻവർഷങ്ങളിലെ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് അധികമായി 77 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-82-06 - **തൃശ്ശൂർ എൻജിനിയറിംഗ് കോളേജ് – വാടക കരം നികുതി**

എൻജിനിയറിംഗ് കോളേജിന്റെ കെട്ടിട നികുതി ഇനത്തിൽ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 8 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-82-34-2-**തൃശ്ശൂർ എൻജിനിയറിംഗ് കോളേജ് – മറ്റു ചെലവുകൾ – വൈദ്യുതി ചെലവ്**

വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക വൈദ്യുതി ബില്ലുകളുടെ മുൻ വർഷത്തെ കുടിശ്ശിക തുക നൽകുന്നതിന് അപര്യാപ്തമായതിനാൽ അധികമായി 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

